**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2267** **30-09-2025 - ൽ മറുപടിയ്ക്ക്**

**കൊരട്ടിയിൽ ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിലെ ആരോഗ്യ പ്രവർത്തകർക്കായുള്ള പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | (എ) | രണ്ട് ഘട്ടങ്ങളിലായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയ കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവർത്തിക്കായി തുക പൊതുമരാമത്ത് കെട്ടിട വിഭാഗം പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ലിഫ്റ്റ് സംവിധാനം, ജലലഭ്യത, ഫയർ ഫൈറ്റിംഗ് ജോലികളും പൂർത്തികരിക്കേണ്ടതുണ്ട്. നിലവിലുള്ള റോഡ് സംവിധാനം പരിശീലന കേന്ദ്രത്തിലേക്കുള്ള രീതിയിൽ ക്രമപെടുത്തേണ്ടതും കോമ്പൗണ്ട് വാൾ കെട്ടി സംരക്ഷിക്കപെടേണ്ടതുമുണ്ട്. അക്കോമോഡേഷൻ, ബ്ലോക്കിലേക്ക് ജലലഭ്യത, വൈദ്യുതി എന്നിവ ഒരുക്കേണ്ടതും ആവശ്യമാണ്. ഇവ പൂർത്തിയാകാത്തതിനാൽ പൊതുമരാമത്ത് വകുപ്പ് ആശുപത്രി സൂപ്രണ്ടിന് കെട്ടിടം കൈമാറി നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ, നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ഈ തുക കണ്ടെത്തി ആവശ്യമുള്ള അനുമതികൾ ലഭിച്ച് നിർമ്മാണ ഏജൻസിയെ കണ്ടെത്തി പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. പരീശിലന കേന്ദ്രത്തിന്റെ നിർദ്ദിഷ്ട കെട്ടിടത്തിന്റെ സമീപത്തായി എൻ.എച്ച്.എം, ആർ.ഒ.പി ഫണ്ട് 2.5 കോടി രൂപ ചെലവഴിച്ച് അക്കോമോഡേഷൻ ബ്ളോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇത് എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | എന്തൊക്കെ സൗകര്യങ്ങളാണ് ഈ പരിശീലന കേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഡി) | പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കാമോ; | (ഡി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |
| (ഇ) | പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിന് എത്ര തസ്തികകൾ ആവശ്യമായിട്ടുണ്ടെന്നും ഇത് ഏതൊക്കെയാണെന്നും എപ്രകാരമാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (ഇ) | ഇക്കാര്യം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ